## 1016

1 ആത്മണമണവാളാ-തിരുസഭയ്ക്കാനന്ദം നീയല്ലാതെ
ആരുമരുളുകില്ല അവൾക്കിഹലോകമോ യോഗ്യമല്ല

2 നിന്നെക്കുറിച്ചുള്ള-പരിജ്ഞാനം മെന്നതിൻ മേന്മമൂലം
മന്നിതിൻ ലാഭമിന്നു തിരുജനമെണ്ണിടും ചേതമെന്ന്

3 ലോകവെയിൽ കലർന്നു കറുത്തുപോയ് ദേഹമെന്നാലഴകായ്
നീ കരുതി സഭയെ പുലർത്തിടുന്നത്ഭുതം നിൻ കൃപയേ!

4 നിന്ദ ചുമന്നിടുന്നു തിരുജനം മന്നിടം തന്നിലിന്നു
ധന്യമെന്നെണ്ണിടുന്നു അതു നിന്റെ വന്ദ്യനാമത്തിലെന്നും

5 പോരുകളേറെയുണ്ട്-പിശാചൽപ്പനേരമിതെന്നു കണ്ട്
പാരിടമാധികൊണ്ടു നിറയ്ക്കുന്നു പാരമുത്സാഹം പൂണ്ട്

6 എന്നു നീ വന്നിടുമോ? ദുരിതങ്ങൾ എന്നിനി തീർന്നിടുമോ
എന്നു കൊതിച്ചിടുന്ന ജനങ്ങളാമെങ്ങളെ ചേർക്കണമേ-

**T.K.S**